# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 4, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി**

*121 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാബേസ് സൃഷ്ടിക്കാനും ഓരോ നെൽവയലും ജി.പി.എസു-മായി ബന്ധപ്പെടുത്തുന്നതിനും ഇതുവഴി തരിശുഭൂമി നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**വയോമിത്രം പദ്ധതി**

*122 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ള പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ,

കൗൺസിലിംഗ്, പാലിയേറ്റീവ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിൽ വയോമിത്രം പദ്ധതി പ്രയോജനകരമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയോജനങ്ങളുടെ മാനസികോല്ലാസവും ആരോഗ്യവും ഉറപ്പാക്കുന്നതിനായി വയോമിത്രം പദ്ധതി വഴി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്രപേർക്ക്, എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുണ്ടായിരുന്ന വയോമിത്രം പദ്ധതിയോടൊപ്പം 2016-ന് ശേഷം പുതുതായി എന്തെല്ലാം അധിക സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നഗരസഭാ പരിധിയിലുള്ളതുപോലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

*123 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ എവിടെയും ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കേരളീയരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എപ്പോഴാണ് ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിലും ഇന്ത്യയിലെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനായി പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പൊതുഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങൾ

*124 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. പുതുതായി എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും അവയിൽ എത്ര ഇലക്ട്രിക് ബസ്സുകളുണ്ടെന്നും

വ്യക്തമാക്കാമോ;

(ഡി) ഡീസൽ-ഇലക്ട്രിക് ബസ്സുകളുടെ വിലയും ആവർത്തന ചെലവും തമ്മിലുള്ള വ്യത്യാസം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾക്കനുസൃതമായി കെ.എസ്.ആർ.ടി.സി. സർവീസുകളെ ഏതെല്ലാം വ്യത്യസ്തതകളോടും പുതുമകളോടും കൂടി പുനരാവിഷ്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

## സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച തുക

*125 **ശ്രീ. കെ. പ്രേംകുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ പത്തു വർഷം കിഫ്ബി വഴി ചെലവഴിച്ച തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്ലാൻ ഫണ്ട് വഴി കഴിഞ്ഞ പത്ത് വർഷം ചെലവഴിച്ച തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നോൺ പ്ലാൻ ഫണ്ട് വഴി കഴിഞ്ഞ പത്തു വർഷം ചെലവഴിച്ച തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മുകളിൽ പരാമർശിച്ചതല്ലാതെ മറ്റ് ഫണ്ടുകൾ വഴി ചെലവഴിച്ച തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

## കോളേജുകളുടെയും സർവകലാശാലകളുടെയും അക്രഡിറ്റേഷനും റാങ്കിങ്ങും മെച്ചപ്പെടുത്തുന്നതിന് നടപടി

*126 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളുടെയും സർവകലാശാലകളുടെയും അക്രഡിറ്റേഷനും റാങ്കിങ്ങും മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽനടപടികളുടെ ഫലമായി റാങ്കിങ്ങിലും അക്രഡിറ്റേഷനിലും നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കും സംസ്ഥാനതല ഉന്നത വിദ്യാഭ്യാസ സർവേയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ കാലാനുസൃത നവീകരണം

*127 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി ജോയി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരാഷ്ട്രീയതയും അരാജകത്വവും വർഗ്ഗീയവൽക്കരണവും ജാതി വിവേചനവും സംസ്ഥാനത്തെ സർവകലാശാലകളിലും കലാലയങ്ങളിലും അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ടോ; ഇത് തടയുന്നതിനായി പുരോഗമന വിദ്യാർത്ഥി സംഘടനകൾ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വി.സി.മാരുടെ യോഗതീരുമാനങ്ങൾ സർക്കാർ പ്രത്യേകമായി പരിശോധിക്കാറുണ്ടോ;

(സി) കലാലയങ്ങളിലെയും സർവകലാശാലകളിലെയും വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിൽ കൈകടത്താൻ ഏതെങ്കിലും തരത്തിലുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കലാലയങ്ങളിൽ മതേതരത്വവും ബഹുസ്വരതയും ഉറപ്പുവരുത്തി സാംസ്കാരികവും സംഘടനാപരവും സമാധാനപരവുമായ അന്തരീക്ഷം നിലനിർത്തുന്നതിന് ആവശ്യമായ കരുതലും ഇടപെടലും തുടരുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖല കാലാനുസൃതമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ

*128 **ശ്രീമതി ഒ എസ് അംബിക**
**ശ്രീമതി ശാന്തകുമാരി കെ.**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവജാത ശിശുക്കളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും പരിഹാര ചികിത്സകൾ നൽകുന്നതിനുമായി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ;

(ബി) മേൽപ്പറഞ്ഞ വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏർളി ഇന്റർവെൻഷൻ സെന്ററുകൾ നിലവിലുണ്ടോ; എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ;

(സി) നവജാത ശിശുക്കളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ റീജനൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ

*129 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കാൽനടയാത്രക്കാരുടെ അപകട മരണനിരക്ക് സംബന്ധിച്ച് റിപ്പോർട്ടുകൾ തേടിയിട്ടുണ്ടോ;

(സി) റോഡ് മുറിച്ച് കടക്കുന്ന ഇടങ്ങളിലെ സീബ്രാ ലൈനുകൾ മാഞ്ഞുപോയതായി പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) നടപ്പാതകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) ഡ്രൈവർമാരുടെ അശ്രദ്ധമൂലം കാൽനടയാത്രക്കാർ മരണപ്പെടുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## ഗോ സമൃദ്ധി പദ്ധതി

*130 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്കും കന്നുകാലികൾക്കും പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ (ഗോ സമൃദ്ധി) പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഉരുക്കളുടെ മരണത്തിനും ഉൽപാദന പ്രത്യുല്പാദനക്ഷമതാ നഷ്ടത്തിനും എന്തെല്ലാം പരിരക്ഷ പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## വയോജന കമ്മീഷൻ

*131 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വയോജന കമ്മീഷന് രൂപം കൊടുത്തിട്ടുണ്ടോ; കമ്മീഷന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇതാദ്യമായിട്ടാണോ ഇത്തരത്തിലുള്ള കമ്മീഷൻ കേരളത്തിൽ രൂപീകൃതമായിട്ടുള്ളത്; വിശദമാക്കാമോ;

(സി) കമ്മീഷൻ രൂപീകരണത്തിലൂടെ സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

## ഉപ്പുവെള്ളം കയറിയുള്ള കൃഷിനാശം തടയാൻ നടപടി

*132 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീരമേഖലയോട് ചേർന്ന് ഉപ്പുവെള്ളം കയറുന്നത് കൃഷിയെ ബാധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽത്തീരത്തുനിന്ന് ഉൾനാടൻ ജലാശയങ്ങളിലേക്ക് ഉപ്പുവെള്ളം കയറി കൃഷിഭൂമിയുടെ സ്വാഭാവിക ഘടന നഷ്ടമാകുന്നത് തടയാൻ സാധ്യമാകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഉപ്പുവെള്ളം കയറുന്നത് ഉൾനാടൻ ജലാശയങ്ങളോട് ചേർന്നുള്ള ജൈവവ്യവസ്ഥയെ ബാധിക്കുന്നത് ഒഴിവാക്കുവാൻ വിദഗ്ധരുടെ മാർഗനിർദേശം ആരായുമോ;

(ഡി) ആവശ്യമായ പോഷകങ്ങൾ ഇല്ലാത്തതിനാൽ കൃഷി ഉൽപ്പാദനം കുറയുന്നതും കൃഷി ഉപേക്ഷിക്കേണ്ടതായി വരുന്നതും ഭൂജല നിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്ന കുട്ടനാടിന്റെ സ്ഥിതി ഗുരുതരമാക്കുന്നതിനെയും നേരിടുവാൻ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആശ്വാസ കിരണം പദ്ധതി

*133 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ എന്നിവരെ പരിചരിക്കുന്നവർക്കായി ആശ്വാസ കിരണം പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കുടിശികയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ വിതരണം ചെയ്യുന്ന തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എന്ന് മുതൽ വർദ്ധിപ്പിച്ച തുക നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

## <u>കാലാവസ്ഥാ വ്യതിയാനം നാണ്യവിളകൾക്ക് ഉണ്ടാകുന്ന തിരിച്ചടി</u>

*134 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം നാണ്യവിളകളെ എങ്ങനെ ബാധിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) മഴയുടെ ഏറ്റക്കുറച്ചിലുകൾ (അധികമഴ/മഴക്കുറവ്) റബർ, കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ ഉത്പാദനത്തെ എങ്ങനെ ബാധിക്കുന്നു; വിശദമാക്കാമോ;

(സി) താപനില വ്യതിയാനം നാണ്യവിളകളുടെ വളർച്ചയിലും ഗുണനിലവാരത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ വിശദീകരിക്കാമോ?

## <u>റബറിന്റെ സംഭരണവില ഉയർത്താൻ നടപടി</u>

*135 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബറിന്റെ ഉല്പാദന ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഉയർത്താൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ;

(ബി) റബറിന്റെ താങ്ങുവില 2011-2016 കാലയളവിൽ ഉണ്ടായിരുന്ന 150 രൂപയിൽ നിന്നും കഴിഞ്ഞ പത്തു വർഷം കൊണ്ട് വെറും 50 രൂപ മാത്രമാണ് വർധിപ്പിക്കാൻ സാധിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റബറിനു സംസ്ഥാന സർക്കാർ നൽകി വരുന്ന താങ്ങുവില 250 രൂപയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## <u>വയോസാന്ത്വനം പദ്ധതി</u>

*136 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിക്കാനാരും ഇല്ലാത്തവരും നിരാശ്രയരുമായ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനായി വയോസാന്ത്വനം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് കിടപ്പുരോഗികളായ വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ;

(സി) ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## <u>വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി</u>

*137 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് (താമരശ്ശേരി) ചുരത്തിലെ ഗതാഗതക്കുരുക്ക് വയനാടിന്റെ വികസനത്തെയും ജനജീവിതത്തെയും ഗുരുതരമായി ബാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാരാന്ത്യത്തിലും തിരക്കേറിയ സമയങ്ങളിലും പ്രത്യേക ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതു നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വയനാട് ചുരത്തിൽ നിരന്തരമായുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>തെരുവുനായ നിയന്ത്രണം</u>

*138 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെയും മറ്റ് അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെയും എണ്ണത്തിലുണ്ടായ വർധനവ് മൃഗസംരക്ഷണ

വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തെരുവുനായ ഭീഷണി തടയുന്നതിനായി സുപ്രീംകോടതി പുറപ്പെടുവിച്ച നിർദേശങ്ങൾ നടപ്പിലാക്കാൻ മൃഗസംരക്ഷണ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) തെരുവുനായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) തെരുവുനായകളിലൂടെ റാബീസ് പോലുള്ള സാംക്രമിക രോഗങ്ങൾ പടരാനുള്ള സാധ്യത നിയന്ത്രിക്കുന്നതിനായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) തെരുവുനായ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ ദീർഘകാല മൃഗക്ഷേമ-പൊതുജനസുരക്ഷാനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>ഡയറി ഫാമുകൾക്ക് സഹായം</u>

*139 **ശ്രീ. എ. രാജ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി ഇടത്തരം ഡയറി ഫാമുകൾക്ക് സഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഫാം ആധുനികീകരണത്തിനും തീറ്റപ്പുൽകൃഷിക്കും കാലിത്തീറ്റക്കും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; മറ്റെന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൃഗസംരക്ഷണ ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നു വരാൻ സഹായകമാവും വിധം ഫാം ലൈസൻസിംഗ് ചട്ടങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നടപടി</u>

*140 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാബേസ് സൃഷ്ടിക്കാനും ഓരോ നെൽവയലും ജി.പി.എസ്-മായി ബന്ധപ്പെടുത്തുന്നതിനും അതുവഴി തരിശുഭൂമി നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടം</u>**

*141 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദേശീയ തലത്തിൽ ഉന്നതവിദ്യാഭ്യാസ പ്രവേശന പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്നതിനും പ്രവേശനം നേടുന്നവരിൽ സ്ത്രീ-പുരുഷ അനുപാതത്തിൽ ഒന്നാം സ്ഥാനം നേടുന്നതിനും സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത വിജയം കൈവരിക്കുന്നതിന് ഈ സർക്കാരിന്റെ വിവിധ പദ്ധതികളും നയങ്ങളും ഗുണകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസം നേടുന്നവരിൽ തൊഴിൽ രംഗത്തേക്ക് കടന്നുവരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉന്നതവിദ്യാഭ്യാസം നേടി തൊഴിൽ രംഗത്തേക്ക് കടന്നുവരുന്ന വനിതകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും വിസ്മയകരമായ വിജയം കൈവരിക്കുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

**<u>കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി</u>**

*142 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ അഞ്ച് വർഷത്തിൽ 50 ശതമാനം വർദ്ധനവ് വരുത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ശാസ്ത്രീയ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് മോണിറ്റർ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കാർഷികോത്പാദനക്ഷമത വർദ്ധന, തറവിലയിലെ കാലോചിത പരിഷ്കാരം, കാർഷിക ഉൽപന്ന സംസ്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ എന്നിവയിലൂടെ ഈ നേട്ടം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തരിശുഭൂമി കൃഷി

*143 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശുഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) അതുമൂലമുള്ള തൊഴിൽ, വരുമാന വർധന എത്രയാണെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം

*144 **ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തെ ഏറ്റവും വലിയ ഫുട്ബോൾ വേദിയായ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം സാഹസിക ബൈക്ക് മത്സരം നടത്തുന്നതിനായി വിട്ടു നൽകിയതിനെ തുടർന്ന് തകർന്ന നിലയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്റ്റേഡിയം ബൈക്ക് റേസിംഗിന് വിട്ടു നൽകുമ്പോൾ അതേ ഗുണനിലവാരത്തിൽ തന്നെ തിരികെ നൽകണമെന്ന കരാർ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(സി) കരാർ ലംഘനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ഡി) ഫുട്ബോൾ ആരാധകരുടെയും കായിക താരങ്ങളുടെയും ആശങ്ക പരിഹരിക്കാൻ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## നാഷണൽ സർവീസ് സ്കീമിന്റെ വൈവിധ്യമാർന്ന പരിപാടികൾ

*145 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ വി ജോയി**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാഷണൽ സർവീസ് സ്കീം ഏറ്റെടുത്തു നടപ്പിലാക്കിയ വൈവിധ്യമാർന്ന പരിപാടി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധന കുടുംബങ്ങൾക്ക് സ്നേഹവീടുകൾ എന്ന പേരിൽ നിർമ്മിച്ചു നൽകിയ വീടുകളുടെ വിശദാംശം

ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ എൻ.എസ്.എസ്. യൂണിറ്റുകളുടെ പദ്ധതിയായ സ്നേഹാരാമങ്ങൾക്ക് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് സർവകലാശാലകളിലും കലാലയങ്ങളിലും എൻ.എസ്.എസ്. നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഇ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്താൻ എൻ.എസ്.എസ്. എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## <u>ക്യാമ്പസുകളിലെ റാഗിംഗ് തടയുന്നതിന് നടപടി</u>

*146 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കർശനമായ നടപടികൾ സ്വീകരിച്ചിട്ടും സംസ്ഥാനത്തെ കോളേജുകളിൽ റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു.ജി.സി. മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്ക് കഠിനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റാഗിംഗ് മൂലം പഠനം നിർത്തേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പുനരധിവാസം, കൗൺസിലിംഗ്, അക്കാദമിക് പിന്തുണ എന്നിവ നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

## <u>കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാൻ നടപടി</u>

*147 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന പുതിയ തലമുറയ്ക്കായി കേരളത്തിൽ തന്നെ കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്ക് തടസ്സങ്ങളില്ലാതെ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

## <u>നാല്പ വർഷ ബിരുദ പ്രോഗ്രാമുകൾ</u>

*148 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ സമ്പ്രദായം പിന്തുടരുന്ന നാലു വർഷ ബിരുദ പ്രോഗ്രാമുകൾ എന്നു മുതലാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് അവസരം ലഭ്യമാണോയെന്ന് വിശദമാക്കാമോ;

(ഡി) നാലു വർഷ ബിരുദ പ്രോഗ്രാം നിലവിൽ വന്നതോടെ വിദേശത്ത് തൊഴിലിനും ഉപരിപഠനത്തിനും പോകുന്നവർക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ?

## <u>നാലു വർഷ ബിരുദ പ്രോഗ്രാമിലെ പരീക്ഷാ സമ്പ്രദായം</u>

*149 **ശ്രീ എം മുകേഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിൽ വരുത്തിയിട്ടുള്ള പ്രധാന പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(സി) ആഗോളതലത്തിലെ പ്രധാന സർവകലാശാലകൾ പിന്തുടരുന്ന പരീക്ഷാ രീതികളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവയിൽ അനുയോജ്യമായ പരീക്ഷാരീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## <u>നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

*150 **ശ്രീമതി കെ. കെ. രമ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന് ഉല്പാദനചെലവ് പോലും ലഭിക്കാതെ നിരവധി കർഷകർ തെങ്ങുകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ തലത്തിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് നാളികേര സംഭരണം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനുവരി 26, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].